# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2130 — 11.03.2020 ൽ മറുപടിക്ക്

### ധാതുമണൽ ഖനനത്തിന് സ്വകാര്യ കമ്പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ് | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) തീരദേശത്തെ അപൂർവ്വമായ ധാതുമണൽ ഖനനത്തിന് സ്വകാര്യ കമ്പനികളെ അനുവദിക്കുന്നത് തടഞ്ഞു കൊണ്ട് അറ്റോമിക് മിനറൽ കൺസഷൻ നിയമത്തിൽ കേന്ദ്രസർക്കാർ ഭേദഗതി കൊണ്ടു വന്നിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കൊച്ചി ആസ്ഥാനമായ സ്വകാര്യ കമ്പനി പ്രമോട്ടർമാരായി രൂപീകരിച്ച കമ്പനി കേരള തീരത്തെ കരിമണൽ ഖനനത്തിന് അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) പുതുതായി അപേക്ഷ ലഭിച്ചിട്ടില്ല. 2004-ൽ നൽകിയ നാല് ഖനനാനുമതികൾ അതേ വർഷം തന്നെ നിർത്തലാക്കിയിരുന്നു. മുൻകാലങ്ങളിൽ ലഭിച്ച 9 അപേക്ഷകൾ തീർപ്പ് കല്പിക്കാത്തതും, 16 അപേക്ഷകൾ തുടർനടപടികൾക്കായി പരിഗണിക്കാത്തതുമാണ്. |
| (സി) ഈ കമ്പനി പൂർണ്ണമായും സ്വകാര്യ കമ്പനിയാണെന്നും അതിന് ഖനന അനുമതി നൽകാനാവില്ലെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; | (സി) കെ.ആർ.ഇ.എം.എൽ എന്ന കമ്പനിക്ക് മുൻപ് നൽകിയ 4 ഖനനാനുമതികൾ റദ്ദാക്കണമെന്ന് അറിയിച്ചുകൊണ്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സർക്കാരിന് കത്ത് നൽകിയിരുന്നു. |
| (ഡി) പ്രസ്തുത ഡയറക്ടറെ മന്ത്രിസഭായോഗത്തിൽ പോലും ചർച്ച ചെയ്യാതെ പ്രസ്തുത സ്ഥാനത്തുനിന്നും നീക്കം ചെയ്തിട്ടുണ്ടോ യെന്ന് അറിയിക്കാമോ? | (ഡി) വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറായിരുന്ന ശ്രീ.ബിജു.കെ ഐ.എ.എസിനെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായി മാറ്റി നിയമിച്ചിട്ടുണ്ട്. |

Shabna

സെക്ഷൻ ഓഫീസർ